**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6505** **10-11-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ഭൂമിയും റീസർവ്വെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 89 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാക്കുന്നതിനും, എല്ലാ ഭൂമികൾക്കും രേഖകൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവ്വെ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK ( Real Time Kinematic Positioning), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നാല് ഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിന് 339.438 കോടി രൂപ റീബിൾഡ് കേരള ഇനിഷിയേറ്റിവിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ